# കടുവാസങ്കേതങ്ങൾക്ക് ഇരുമ്പുകർട്ടൺ ഇടരുത്

ബ്രിട്ടീഷുകാർ ഇന്ത്യയെ കൊള്ളയടിച്ചിരുന്ന കാലത്തേക്കാൾ തീവ്രമാണ് ഇപ്പോഴുള്ള സ്വാഭാവികവനങ്ങളുടെ നാശത്തിന്റെ തോത്.

**ബിട്ടു സൈഗാൾ/കേരളീയം**

*⇨ ഈ സാമ്പത്തികസൗധം പടുത്തുയർത്തിയിരിക്കുന്നത് പാരിസ്ഥിതികാസ്തിവാരത്തിന്മേൽ ⇨*

**കടുവാസങ്കേതങ്ങളിൽ ടൂറിസം നിരോധിച്ചതിനെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ്? ഇതോടെ ടൂറിസത്തെ അടിസ്ഥാനമാക്കിയുള്ള സംരക്ഷണപ്രവർത്തനങ്ങൾ നിലയ്ക്കാനും കൂടുതൽ അനധികൃതപ്രവർത്തനങ്ങൾ വനത്തിനുള്ളിൽ നടക്കാനുമുള്ള സാധ്യതയുണ്ടോ?**

ടൂറിസം നിരോധിച്ചത് ഒട്ടും ശരിയായില്ല. ആ നിയമം മാറ്റാൻ ഞങ്ങൾ ശ്രമിച്ചു; വിജയിക്കുകയും ചെയ്തു. കാട് സംരക്ഷണവുമായി ടൂറിസത്തിന് നേരിട്ട് ബന്ധമുണ്ടെന്ന് പറയാൻ കഴിയില്ല. വനസംരക്ഷണത്തെ ടൂറിസവുമായി നേരിട്ട് ബന്ധിപ്പിച്ചല്ല അക്കാര്യം ഞങ്ങൾ മുന്നോട്ട് വച്ചത്. മറിച്ച് നമ്മുടെ വന്യജീവിസമ്പത്തിന്റെ മൂല്യം മനസ്സിലാക്കാൻ ജനങ്ങൾക്ക് ഒരവസരം നൽകുന്നു എന്ന തരത്തിലാണ് ഞങ്ങൾ ടൂറിസത്തെ കാണുന്നത്. പാരിസ്ഥിതിക അവബോധം സൃഷ്ടിക്കപ്പെടുന്നതിൽ അത് ഒരു ഘടകമാകുന്നുണ്ട്. നമ്മുടെ ഉദ്യാനങ്ങൾക്ക് മുകളിൽ ഇരുമ്പുകർട്ടനിട്ടാൽ പിന്നെ എങ്ങനെ ഇത് നടക്കും?

**ടൂറിസം-കടുവാസംരക്ഷണം ഇവ തമ്മിൽ ഇപ്പോഴും സംഘർഷം നിലനിൽക്കുന്നുണ്ടോ? അതോ രണ്ടും പരസ്പരപൂരകങ്ങളാണോ?**

ശരിയായ അർത്ഥത്തിൽ നടന്നാൽ ടൂറിസം സംഘർഷം സൃഷ്ടിക്കില്ല. ഇന്ന് നാം കാണുന്ന ടൂറിസം, ഒരു കൂട്ടം പണക്കൊതിയൻമാർ രംഗപ്രവേശം ചെയ്തതിനാൽ ഉദ്ദിഷ്ട ലക്ഷ്യത്തിലേക്കെത്താതെ വന്യജീവിസമ്പത്തിനും സംരക്ഷിതവനങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കും വിപരീതഫലമാണുണ്ടാക്കുന്നത്.

**താങ്കൾക്ക് വന്യജീവിസംരക്ഷണമേഖലയിൽ ദശാബ്ദങ്ങളുടെ പരിചയമുണ്ട്. ആ പ്രവർത്തനത്തിന്റെ അനന്തരഫലങ്ങളെന്താണ്? ഗുണദോഷവശങ്ങൾ ഒന്നു വിശദീകരിക്കാമോ?**

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രകൃതിസമ്പത്തിന്റെ മൂല്യം തിരിച്ചറിഞ്ഞ് ഇന്ത്യ ഉണർന്നെണീക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ നമ്മുടെ സാമ്പത്തികാടിത്തറ തന്നെ ഇല്ലാതായേക്കാം. കാരണം ഈ സാമ്പത്തികസൗധം പടുത്തുയർത്തിയിരിക്കുന്നത് പാരിസ്ഥിതികാസ്തിവാരത്തിന്മേലാണ്. പ്രകൃതിസമ്പത്തിന്റെ മൂല്യം എന്താണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ

പ്രമുഖ വന്യജീവിസംരക്ഷണ പ്രവർത്തകനും 'സാങ്ചറി എഷ്യ' മാസികയുടെ എഡിറ്ററുമാണ് ബിട്ടു സൈഗാൾ.

➪ *നിങ്ങളുടെ ഏറ്റവുമടുത്തുള്ള അണക്കെട്ടോ ഖനിയോ റോഡോ തന്നെയാണ് ഇതിനുത്തരം* ➪




എന്റെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട് എന്നുതന്നെയാണ് വിശ്വസിക്കുന്നത്.

**ഇന്ത്യയിലെ വന്യജീവിപരിപാലന സംവിധാനങ്ങളെ എങ്ങനെ വിലയിരുത്തുന്നു? കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടുന്നുണ്ടോ?**

എന്ത് സംവിധാനങ്ങൾ? വന്യജീവികളെ സംരക്ഷിക്കുന്നതിനായി രൂപംകൊടുത്ത സംവിധാനങ്ങൾ ന്നെ ഇപ്പോൾ അവയുടെ നാശത്തിന് കാരണമായിക്കൊണ്ടിരിക്കുകയാണ്. വന്യജീവികളോടും പരിസ്ഥിതിയോടും രാജ്യത്തോടുമുള്ളതിനേക്കാൾ കൂറ് നിക്ഷിപ്തതാല്പര്യക്കാരോട് പുലർത്തുന്ന വനംപരിസ്ഥിതി മന്ത്രാലയം ഇക്കാര്യത്തിൽ കുറ്റവാളിയാണ്.

**വനസംരക്ഷണത്തിൽ പ്രാദേശികജനസമൂഹത്തിനുള്ള പങ്കിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്? അവരെ ഇക്കാര്യത്തിൽ പങ്കാളികളാക്കിയാണോ അതോ അവരെ നിയന്ത്രിക്കാൻ വനംവകുപ്പധികൃതർക്ക് അധികാരം നൽകിയാണോ സംരക്ഷണം സാധ്യമാക്കേണ്ടത്?**

യഥാർത്ഥത്തിൽ പ്രകൃതിസമ്പത്തിനെ ഏറ്റവും നന്നായി സംരക്ഷിക്കാനറിയാവുന്നവരാണ് പ്രാദേശികജനവിഭാഗങ്ങൾ. എന്നാൽ കമ്പോളസമ്മർദ്ദങ്ങൾക്കും ദിശാബോധമില്ലാത്ത ചില സാമൂഹ്യപ്രവർത്തകർക്കുമിടയിൽപ്പെട്ട് മുള, ധാതുക്കൾ, തടി തുടങ്ങിയ വനവിഭവങ്ങൾ ചൂഷണം ചെയ്യാനും മൃഗങ്ങളെ അനധികൃതമായി വേട്ടയാടാനുമൊക്കെ ഇവർ ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ കാടിനും തദ്ദേശീയ സമൂഹത്തിനും ഒരുപോലെ പ്രയോജനപ്രദമാകുന്ന രീതിയിൽ സാഹചര്യം മാറ്റിയെടുക്കാൻ പ്രാദേശിക ജനതയുടെ പങ്കാളിത്തത്തോടെ കഴിയും. എന്നാൽ അതിന് വന്യജീവിസംരക്ഷണമേഖലയിൽ നിന്നോ മനുഷ്യാവകാശഗ്രൂപ്പുകളിൽ നിന്നോ രാഷ്ട്രീയനേതാക്കൾ ഉയർന്നുവരണം. ഇപ്പോൾ അങ്ങനെയാരുമില്ലാത്തതിനാൽ കൊള്ളക്കാരായ രാഷ്ട്രീയക്കാരാണ് കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത്.

**ദേശീയ കടുവാസംരക്ഷണ അതോറിറ്റി രൂപം കൊണ്ടതിന് ശേഷമുണ്ടായിട്ടുള്ള പ്രധാനപ്പെട്ട മാറ്റങ്ങൾ എന്തൊക്കെയാണ്?**

പണ്ടത്തേക്കാളേറെ കടുവാസംരക്ഷണകേന്ദ്രങ്ങളിപ്പോഴുണ്ട്. പ്രൊജക്ട് ടൈഗർ പദ്ധതിക്ക് കീഴിലാണ് കൂടുതൽ പ്രദേശങ്ങളും ഇപ്പോൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നത്. അതേസമയം കടുവകളുടെ എണ്ണം കുറയുകയാണ്. ഉള്ളവ തന്നെ ദിനംപ്രതി ഇല്ലാതാകുന്നു. ഈ വൈരുദ്ധ്യം തിരിച്ചറിഞ്ഞ് കടുവാസംരക്ഷണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.


**കടുത്ത നിയമങ്ങൾ നിലവിൽ വന്നിട്ടും വനനശീകരണം കൂടുന്നതിന്റെ കാരണമെന്താണ്?**

നിങ്ങളുടെ ഏറ്റവുമടുത്തുള്ള അണക്കെട്ടോ ഖനിയോ റോഡോ തന്നെയാണ് ഇതിനുത്തരം. അങ്ങനെ നോക്കിയാൽ ബ്രിട്ടീഷുകാർ ഇന്ത്യയെ കൊള്ളയടിച്ചിരുന്ന കാല

ത്തേക്കാൾ തീവ്രമാണ് ഇപ്പോഴുള്ള സ്വാഭാവികവനങ്ങളുടെ നാശത്തിന്റെ തോത് എന്ന് നിങ്ങൾക്ക് മനസ്സിലാകും. അപ്പോൾ ആരാണ് കുറ്റക്കാർ? നിയമമുണ്ടാക്കുന്നവർ തന്നെ മറ്റൊരു വശത്ത് അത് ലംഘിച്ചുകൊണ്ടിരിക്കുന്നു.

**വനാവകാശനിയമവും വന്യജീവിസംരക്ഷണനിയമവും തമ്മിൽ വൈരുദ്ധ്യം നിലനിൽക്കുന്നുണ്ടോ? വനാവകാശനിയമം പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങൾക്കും ജൈവവൈവിധ്യത്തിനും ഭീഷണിയാകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? വന്യജീവിസംരക്ഷണഗ്രൂപ്പുകളും സാമൂഹ്യപ്രവർത്തകർക്കുമിടയിലെ ഈ സംഘർഷം എന്തുകൊണ്ട് പരിഹരിക്കപ്പെടുന്നില്ല?**

ഖേദത്തോടെ പറയട്ടെ. അങ്ങനെയൊരു സംഘർഷം നിലവിലുണ്ട്. തദ്ദേശീയ ജനവിഭാഗങ്ങൾക്ക് വനംസംരക്ഷിക്കുന്ന തരത്തിലുള്ള കൂട്ടായ അവകാശം ലഭിക്കുമെന്നാണ് വനാവകാശനിയമം കൊണ്ട് ഞങ്ങൾ കരുതിയത്. എന്നാൽ ചില തലതിരിഞ്ഞ നാഗരിക സാമൂഹ്യപ്രവർത്തകരാകട്ടെ അതിനെ ഭൂമിയിന്മേലുള്ള വ്യക്തിഗത അവകാശമാക്കി വ്യാഖ്യാനിച്ചത് ഇന്ത്യയിലങ്ങോളമിങ്ങോളം എണ്ണമറ്റ ഭൂമികൈയ്യേറ്റങ്ങൾക്ക് വഴിയൊരുക്കി. 2008 മുതൽ 2013 വരെയുള്ള അഞ്ച് വർഷത്തെ കാലയളവിനിടെ വനാവകാശനിയമപ്രകാരം വനത്തിനുള്ളിൽ ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്. അതിനുശേഷം വനാവരണം ശൂന്യമാക്കപ്പെട്ടതെങ്ങനെയെന്ന് ഉപഗ്രഹചിത്രങ്ങളിൽ നിന്നും വളരെ വ്യക്തമായി ആർക്കും മനസ്സിലാക്കാവുന്നതാണ്. വമ്പൻ സ്രാവുകളും തടിക്കച്ചവടക്കാരും നിയമത്തിലെ പഴുതുകൾ മുതലാക്കുകയാണ്. ഗോത്രവിഭാഗങ്ങളെ മറയാക്കി നിർത്തി അവർ വിഭവങ്ങൾ കൊള്ളയടിക്കുന്നു. വനഭൂമിയിൽ അവകാശം കിട്ടിയ പാവപ്പെട്ട ഗോത്രവിഭാഗങ്ങളുടെ അവസ്ഥ ഇപ്പോഴും പഴയ സ്ഥിതിയിൽ തന്നെ. വനഭൂമിയിലെ കൃഷിയാണ് മറ്റ് വ്യാവസായിക-കച്ചവട ആവശ്യങ്ങളേക്കാൾ വനത്തെയും വന്യജീവികളെയും ഇപ്പോൾ കൂടുതലായി നശിപ്പിച്ചുകൊണ്ടിരിക്കുന്നത്.



ബിട്ടു സൈഗാൾ

ഗോത്രവിഭാഗങ്ങളെ മറയാക്കി നിർത്തി അവർ വിഭവങ്ങൾ കൊള്ളയടിക്കുന്നു. വനഭൂമിയിൽ അവകാശം കിട്ടിയ പാവപ്പെട്ട ഗോത്രവിഭാഗങ്ങളുടെ അവസ്ഥ ഇപ്പോഴും പഴയ സ്ഥിതിയിൽ തന്നെ.

**താങ്കളുടെ മാസികയായ 'സാങ്ച്വറി ഏഷ്യ'യ്ക്ക് സംരക്ഷണം എന്ന വിഷയത്തിൽ വായനക്കാരെ എത്രത്തോളം സ്വാധീനിക്കാൻ കഴിഞ്ഞിട്ടുണ്ട്?**

1981 മുതൽ ഞങ്ങളുടെ ലക്ഷ്യം വളരെ ലളിതമാണ്, അതങ്ങനെ തന്നെ തുടരുന്നു. ജനങ്ങളെ പ്രകൃതിസൗന്ദര്യത്തോട് അടുപ്പിക്കുക, അതിലൂടെ അവരെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഞങ്ങളുടെ പ്രവർത്തനരീതി. ഡോ. മൻമോഹൻസിംഗിനെയും ഡോ. മൊണ്ടേക് സിംഗ് അലുവാലിയയെയും പോലെയുള്ളവരുടെ തെറ്റായ സാമ്പത്തിക നയങ്ങൾ വനഭൂമിക്കും വിഭവങ്ങൾക്കും വരുത്തിയ നാശം വളരെ വലുതാണ്. ഇന്ത്യയുടെ ഭാവി കുളംതോണ്ടിയ കുറ്റത്തിന് ഭാവി തലമുറ അവരെയെല്ലാം വിചാരണ ചെയ്യണം. അത്തരത്തിലുള്ള ഒരു ഭാവി തലമുറയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യവും സാങ്ച്വറി മുന്നിൽക്കാണുന്നുണ്ട്. കാലാവസ്ഥാവ്യതിയാനത്തിന്റെ ഈ കാലത്ത് പ്രകൃത്യായുള്ള ആവാസവ്യവസ്ഥകൾക്ക് മാത്രമേ മനുഷ്യൻ ചെയ്ത തെറ്റുകൾ പരിഹരിക്കാൻ കഴിയൂ. മനുഷ്യനെ അതിനൊരു കാരണഹേതുവാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

**മാസികയിലെ ചിത്രങ്ങളാണോ ലേഖനങ്ങളുടെ ഉള്ളടക്കമാണോ വായനക്കാരെ പാരിസ്ഥിതിക ജാഗ്രതയിലേക്ക് ഉയർത്തുന്ന പ്രധാനഘടകം?**

തീർച്ചയായും. രണ്ടും ഗുണകരമായി തന്നെ സ്വാധീനിക്കുന്നുണ്ട്. ഏതാണ് പ്രധാനം എന്ന് വേർതിരിച്ച് പറയാൻ കഴിയില്ല. എവിടെയും. ■

**പുസ്തകപ്രകാശനം**
**സുബ്രഹ്മണ്യദാസ് ഇന്നും**
2013 ജൂലായ് 14 ഞായറാഴ്ച
രാവിലെ 11ന്
വൈ.എം.സി.എ ഹാൾ, തൃശൂർ
പ്രബന്ധാവതരണം
**എൻ.പി. ആഷ്‌ലി**
ബന്ധങ്ങൾക്ക്: 9446536943